



# ST.PAUL'S GHS VETTIMUKAL

## DIGITAL MAGAZINE 2018-19

## അക്ഷരങ്ങളിലൂടെ

ഞങ്ങളുടെ സാരഥി ........................ ...................................................................3
എഡിറ്റോറിയൽ ................................................................................................ 4
പ്രധാനസംഭവങ്ങളിലൂടെ ................................................................................ 11
കുഞ്ഞുവരകൾ ..................................................................................................13
ഓർമ്മകൾക്ക് എന്തു സുഗന്ധം ........................................................................19
The horrible flood ............................................................................................21
ഡിജിറ്റൽ ലോകം ഒരുക്കുന്ന വിസ്മയങ്ങൾ ...................................................22
മഴ ..................................................................................................................24
മധുമൊഴി .......................................................................................................25
ആന .................................................................................................................28
കരുണ .............................................................................................................. 29
വന്ദിച്ചാൽ വലിയവനാകും .............................................................................. ..30
മതിലുകൾ ........................................................................................................32
നെല്ലിക്കയുടെ കയ്പും മധുരവും ....................................................................33
നീലകാശം .......................................................................................................35
കടൽക്കാറ്റ് ......................................................................................................36
ഡിജിറ്റൽ പെയ് ന്റിംഗ് .....................................................................................37
പ്രകൃതിയുടെ മനോഹാരിത.............................................................................38
കേരളം ............................................................................................................40
യാത്രാവിവരണം ............................................................................................ ..41
പുലരിയുടെ പഴമൊഴി .....................................................................................45
എന്റെ മലയാളം ..............................................................................................46
യാത്രകളോടുള്ള എന്റെ പ്രണയം ................................................................... 41
മഴപെയ്തൊരു മാവിൽ .....................................................................................43
അമ്മ -...............................................................................................................45
ഒരുമയുടെ രാവുകൾ .......................................................................................51
കറുപ്പ് ...............................................................................................................53
പ്രളയം ..............................................................................................................54
മലിനീകരണം .................................................................................................56
അമ്മയാണ് നമ്മുടെ ജീവൻ ..............................................................................59
നിശാഗന്ധി........................................................................................................60
MATHEMATICA -QUEEN OF ALL SCIENCES.............................................................61
നന്ദിയോടെ.........................................................................................................62

# സ്ക്കൂൾ ഒറ്റനോട്ടത്തിൽ

| | |
|---|---|
| Name of the school | : St. paul's GH.S. Vettimukal |
| Established year | : 1917 |
| Revenue District | : Kottayam |
| Ednl district | : Pala |
| Sub district | : Ettumannoor |
| School management Type | :Aided |
| Management | : Vijayapuram corporate |
| School Level | : 1 to 10 |
| Medium of Instruction | : Malayalam & English |
| No. of staff | : 40 |

**അംഗീകാരങ്ങൾ : S S L C യ്ക്ക് തുടർച്ചയായ 100% നിരവധിfull A+ ഗ്രേഡുകൾ ,കലാകായികരംഗത്ത് സംസ്ഥാന ദേശീയതല പുരസ്കാരങ്ങൾ.**

## എഡിറ്റോറിയൽ

ലിറ്റിൽ കൈറ്റ്സിന്റെ
സംരഭത്താൽ
ഒരു ഡിജിറ്റൽ മാഗസിൻ
തയ്യാറാക്കാൻ കഴിഞ്ഞതിൽ ഏറെ സന്തോഷമുണ്ട്.
സോഫ്റ്റ്‌വെയറിന്റെ
ഗുണങ്ങൾ അനായാസം കൈകാര്യം ചെയ്യൽ ,
ഡോക്യുമെന്റുകൾ തയ്യാറാക്കൽ , മലയാളം കമ്പ്യൂട്ടിങ്,
ഫോട്ടോ എഡിറ്റിംഗ് തുടങ്ങിയവയിൽ ലിറ്റിൽ കൈറ്റ്സ്സിന്
പരിശീലനം നേടാനും കൈകാര്യം ചെയ്യാനും
കഴിഞ്ഞു. കുട്ടികളുടെ ഉള്ളിൽ ഒളിഞ്ഞിരിക്കുന്ന
സർഗാത്മകമായ കഴിവുകൾ ഡിജിറ്റലായി
പുറത്തുവന്നപ്പോൾ അവരുടെ മുഖത്തുണ്ടായ
സന്തോഷം അവർണ്ണനീയമാണ്.
സമൂഹത്തിന്റെ നന്മയ്ക്കായ് ഈ കഴിവുകൾ
ഉപയോഗപ്പെടുത്തുന്നതിനുംപ്രചോദനമേകുന്നതിനുമായി

**zoom in...**

## ഞങ്ങളുടെ സാരഥി



*I wish to extend my deep appreciation to all those who have so generously volunteered their time, talents, energy to bring forth. My special congrats to Mrs Lucy & Mrs Lini and the buds of little kites for your effort, caliber to prepare the 'zoom in.' It is a new venture leading towards progress digital and scientific world. May this magazine gives knowledge and awareness to all. All the best for your future carrier.*

***HEADMISTRESS,***
***SR.THRESSIAMA M.T***
***ST.PAUL'S GHS VETTIMUKAL***

## ലിറ്റിൽ കൈറ്റ്സ് പ്രവർത്തക സമിതി



സിസ്റ്റർ ഡാഫിനി തോമസ്(ഹെഡ് മിസ്ട്രസ്)



ലിനി ജോസ്



ബിൻസി സെബാസ്റ്റ്യൻ



ലൂസി എം.ജെ

## ലിറ്റിൽ കൈറ്റ്സ്



റീത്ത രാജൻ
ലിറ്റിൽകൈറ്റ് ലീഡർ






ഷിയ തോമസ്
ലിറ്റിൽകൈറ്റ് അസി.ലീഡർ

## ലിറ്റിൽ കൈറ്റ്സ് പരിശീലനം

















ജെനിഫർ 9 ബി



അക്ഷയ് . 6B






## പ്രധാന സംഭവങ്ങളിലൂടെ.....






## കുഞ്ഞുവരകൾ


Devananda P Menon
Akshay Suresh
GouripriyaShaji
Aswin Shaji

പുസ്തകമരം




കേരള സംസ്ഥാന മൃഗസംരക്ഷണ വകുപ്പ്
ഏററുമാനൂർ നഗരസഭ
സ്കൂൾ പൗൾട്രി ക്ലബ്ബ്
അഡ്വ. കെ. സുരേഷ്കുറുപ്പ് MLA
ശ്രീ. ജെയിംസ് തോമസ് പ്ലാക്കിത്തൊട്ടിൽ (ഏറ്റുമാനൂർ നഗരാസഭാ ചെയർമാൻ)

ഗൈഡിങ്



## മോക് പാർലമെന്റ്



റെഡ്ക്രോസ്സ്



പരിസര പരിപാലനം



## വായനയുടെ വാതായനം




ശിശുദിനം



രുചിമേളം






പൂർവ്വ വിദ്യാർത്ഥിനി

## ഓർമ്മകൾക്ക് എന്തു സുഗന്ധം

**ഇവിടെ പിറക്കുന്ന കാട്ടുപുല്ലിലുമുണ്ട്**

ഭുവനം മയക്കുന്ന ചന്തവും സുഗന്ധവും
ഇവിടെകിടക്കുന്ന കാട്ടുകല്ലിലുമുണ്ട്
വിവിധ സനാതന ചൈതന്യ പ്രതീകങ്ങൾ

വിശ്വസധീരനും ക്രിസ്തുവിന്റെ പടയാളിയുമായ വിശുദ്ധ പൗലോസ് അപ്പസ്തോലന്റെ നാമധേയം വഹിക്കുന്ന വെട്ടിമുകൾ എന്ന കൊച്ചുഗ്രാമത്തിൽ അറിവിന്റെ ദിവ്യതേജസ്സ് നിറയ്ക്കുന്ന നമ്മുടെ വിദ്യാലയമുത്തശ്ശി അക്ഷര വെളിച്ചത്തിന്റെ ശതവർഷം പിന്നിട്ടിരിക്കുന്നു. നൂറിന്റെ മാധുര്യം നുണഞ്ഞ് അറിവിന്റെ കതിരുകൾ വീശി നിൽക്കുന്ന ഈ മുത്തശ്ശിയുടെ മടിത്തട്ടിൽ വളർന്നവർക്കെല്ലാം നൂറുനൂറു കഥകൾ ഉണ്ട്. സമുദ്രമധ്യത്തിൽ വച്ച് കപ്പലിൽ നിന്ന് സ്വതന്ത്രമാക്കപ്പെടുന്ന പ്രാവിൻക്കൂട്ടം ദൂരേയ്ക്ക് പറന്നകലുമെങ്കിലും കുറെക്കഴിഞ്ഞ് കപ്പൽത്തട്ട് എന്ന സുരക്ഷിത സ്ഥാനത്തേക്ക് തിരികെ എത്തി അവ സ്വസ്ഥരാകും. ഇതു തന്നെയാണ് സെന്റ പോൾസിലെ ഓരോ കുട്ടിക്കും പറയാനുള്ളത്. എത്ര ദൂരത്തേക്ക് പോയാലും എത്ര ഉന്നതങ്ങളിൽ എത്തിയാലും അവർ ഓടിയെത്തും അക്ഷരമുറ്റത്തേക്ക്. പറിച്ചെറിഞ്ഞാലും അറ്റുപോകാത്ത നാഭീനാളബന്ധമാണ് കുട്ടികളും ഈ വിദ്യാലയവും തമ്മിലുള്ളത്.

**ഈ വിദ്യാലയമുറ്റത്തേയ്ക്ക് കാലെടുത്തുവയ്ക്കുമ്പോൾ ഓർമ്മയുടെ വേലിയേറ്റമാണ് മനസ്സിൽ. ആദ്യം മനസ്സിലേക്ക് എത്തുന്നത് എന്റെ പ്രിയ അദ്ധ്യാപികമാരുടെ മിഴിവേറിയ ചിത്രങ്ങളാണ്. എന്റെ അദ്ധ്യപകരെക്കുറിച്ചോർക്കുമ്പോൾ മരങ്ങൾ നട്ട മനഷ്യരിലെ നായകനായ ആട്ടിടയനാണ് ഓർമ്മയിൽ എത്തുക. ആൽപ്സിന്റെ താഴ്വാരങ്ങളിൽ ഓക്കുമരത്തിന്റെ വിത്തുകൾ പാകി ആ താഴ്വരയെ ഹരിതസമൃദിയിലേക്കി എത്തുക്കുവാൻ ശ്രമിക്കുന്ന ഇടയൻ. താൻ വിത്തുപാകുന്ന ഭൂമി ആരുടേതാണെന്ന് അയാൾക്ക് അറിയില്ല. അറിയാൻ ശ്രമിക്കുന്നില്ല. വിത്ത് മുളച്ച് പൊന്തി ചില്ലകൾ വീശുമ്പോൾ അവൻ സന്തോഷിക്കുന്നു. ഫലം പ്രതീക്ഷിക്കാതെ കർമ്മം ചെയ്യുകയാണയാൾ. ഫലത്തെക്കുറിച്ചുള്ള ചിന്ത അയാളെ ഭയപ്പെടുത്തുന്നില്ല. ഈ ഇടയനെ പോലെയാണ് നമ്മുടെ അദ്ധ്യാപകർ. തങ്ങൾക്ക് ഏൽപ്പിക്കപ്പെട്ടിരിക്കുന്ന കുട്ടികളെ മിടുമിടുക്കരാക്കി ഇവർ സമൂഹത്തിന് സമർപ്പിക്കുന്നു.**

ബാല്യത്തിന്റെ നിറമുള്ള ഓർമ്മകളെല്ലാം ഞങ്ങളുടെ അദ്ധ്യാപകരെ ചുറ്റിപ്പറ്റിയുള്ളതാണ്. അക്ഷരങ്ങളുടെ ലോകത്തേക്ക് കൈ പിടിച്ച് കയറ്റിയവർ, ബന്ധങ്ങളുടെ മഹത്വം പഠിപ്പിച്ചവർ....!

മുറ്റത്തെ പനിനീർചാമ്പകൾക്കുമുണ്ട് പറയാൻ ഏറെ കഥകൾ. അവയുടെ ചുവട്ടിലാണല്ലോ സൗഹൃദങ്ങൾ പൊട്ടിവിരിഞ്ഞിരുന്നത്. പൊഴിഞ്ഞ കിടന്നിരുന്ന ചാമ്പപ്പൂമൊട്ടുകളായിരുന്ന പിണക്കങ്ങളെ അലിയിച്ചിരുന്നത്. ആ മരങ്ങൾ ഇന്നും

ഞങ്ങളെ സ്വാഗതം ചെയ്തുകൊണ്ട് അവിടെ നിൽക്കുന്നത് കാണുമ്പോൾ ഉള്ളിൽ കുളിർമഴ പെയ്യുന്ന ഒരു അനുഭവം. ഈ ചാമ്പമരങ്ങൾക്കു ചുവട്ടിൽ നിന്നു തുടങ്ങിയ സൗഹൃദങ്ങൾ ഇന്നും അതേ ആഴത്തിൽ കാത്തു സൂക്ഷിക്കാൻ സാധിക്കുന്നത് ഈ അക്ഷരമുറ്റം പകർന്നുതന്ന നല്ല പാഠങ്ങൾ വഴിയാണ്.
ജീവിതത്തിലെ ഏത് പ്രതിസന്ധികളെയും ധൈര്യത്തോടെ അഭിമുഖീകരിക്കാനുള്ള കഴിവ് ലഭിച്ചത് ഈ വിദ്യാലയ ജീവിതത്തില് നിന്നാണ്. വിദ്യാഭ്യാസത്തിന്റെ ഭാഗമായ പരീക്ഷകളിൽ മുഴുവൻ മാർക്ക് വാങ്ങുകയും എന്നാൽ ജീവിത പരീക്ഷകളിൽ അതിദയനീയമായി തോൽക്കുകയും ചെയ്യുന്ന ഒരു തലമുറയാണ് നമ്മുക്ക് മുന്നിൽ ഉള്ളത്. എന്നാൽ എനിക്കൊരു കാര്യം ഉറപ്പിച്ചു പറയാനാകും. സെന്റ്. പോൾസിൽ നിന്നു പഠിച്ചിറങ്ങിയ ഒരു കുട്ടിയും ജീവിത പരീക്ഷയിൽ തോറ്റുപോകില്ല എന്ന്. എല്ലാത്തരം ഭയങ്ങളിൽ നിന്നും മുക്തമാകാൻ ഉതകുന്ന വിദ്യാഭ്യാസമാണ് ഇവിടെ കുഞ്ഞുങ്ങൾക്ക് നൽകുന്നത്.

ഏറെ സ്നേഹം പകർന്ന്, ഏറെ വളർന്ന്, സെന്റ്. പോൾസ് സ്ക്കൂൾ ശതാബ്ദി നിറവിലെത്തി. പൂർവ്വ വിദ്യാർത്ഥി എന്ന നിലയിൽ എനിക്ക് പറയാൻ സാധിക്കും, കരുതലിന്റെയും കൃതജ്ഞതയുടെയും നറും പശയും ചന്ദനവും മുക്കി സുഗന്ധപൂരിതമാക്കിയ അദൃശ്യ അങ്കികൊണ്ട് ആ നിത്യനായ നെയ്ത്തുകാരൻ സെന്റ്.പോൾസ് ഗേൾസ്ഹൈസ്ക്കൂളിനെ പൊതിഞ്ഞിരിക്കുകയാണ്.

**ദൈവരാജ്യം ഭൂമിയിൽ സംസ്ഥാപിതമാക്കുവാൻ..............**

മെൽബി ജേക്കബ് ലക്ചർ,
ബി.കെ കോളേജ് അമലഗിരി

# THE HORRIBLE FLOOD



Sr. Thresiamma M.T
Headmistress

The incessant rain came down
Like a mighty flood.
To God's own country that Christ redeemed by His precious blood
The land slips and land slides
The dams being opened in all sides
Swept away the living and non living things
Flowering and floating with its wings.

Flood became the king of the land
Carrying horror and terror in the mind
Humans running here and there for aid
Seeing the death face to face with dread
Some lost the loved ones
And some searched for the beloved ones.

There were loud cries of yelling for help
Called out to all Gods for help
Those who had nothing to possess
Left to the relief camp quickly
And those who had plenty of wealth
Refused to move immediately

The rich and poor became equals of just
They ate and slept under the same roof
And ignored colour and caste
Loved and cared each other from the heart
The land was sheltered by the arms of God
And the people are close to the heart of God.

# ഡിജിറ്റൽലോകം ഒരുക്കുന്ന വിസ്മയങ്ങൾ



വിജ്ഞാന വിസ്ഫോടനത്തിന്റെ കാരണമായ ശാസ്ത്രസാങ്കേതികതഅദൃശ്യവലക്കണ്ണികളിൽ ചിന്തകൾക്കതീതമായ മാറ്റങ്ങൾക്ക് സാക്ഷ്യം വഹിക്കുകയാണ്. അച്ചടിയും പുസ്തകങ്ങളുമെല്ലാം മൗസ്ക്ലിക്കുകൾക്കപ്പുറത്തേക്ക് നീങ്ങിയിരിക്കുന്നു. ദിനങ്ങളേറെ കാത്തിരിക്കേണ്ടി വരുന്ന കത്തുകൾ വിരൽ തുമ്പിലേക്ക് പറന്നെത്തിയിരിക്കുന്നു.

ലോകത്തിന്റെ ഏതു കോണിലുള്ള കാര്യവും ക്ഷണനേരംകൊണ്ട് കൈകളിലേക്ക്....... വിനോദവും വിജ്ഞാനവും ഞൊടിയിടയിൽ കൺമുന്നിലേയ്ക്ക്. കണ്ണും കാതും കരളും കുളിർപ്പിക്കുന്ന അറിവരങ്ങുകൾ.

ആരെക്കുറിച്ചും എന്തിനെക്കുറിച്ചും ആഴത്തിലറിയാൻ ഗൂഗിളും യാഹൂവുമൊക്കെ വഴികാട്ടികളിൽ 24 മണിക്കൂർ സേവനത്തിൽ. കുറിപ്പുകൾ, ഉപന്യാസങ്ങൾ, സെമിനാറുകൾ എന്നുവേണ്ട എന്തുവേണം.....!

പത്രങ്ങളും പുസ്തകങ്ങളും വരെ ഡിജിറ്റൽ ആയിക്കഴിഞ്ഞു. സൂക്ഷിച്ചുവയ്ക്കാൽ ഇത്തിരി ഇടം മതിയെന്ന പ്രത്യേക ബഹുമതികളും ഇവയ്ക്കുണ്ട്.



കഥകളും കവിതകളും ലേഖനങ്ങളും ചിത്രങ്ങളുമെല്ലാം അടുക്കി നമ്മുടെ രചനാപരമായ കഴിവുകൾ വളർത്താൻ ഡിജിറ്റൽ മാഗസിനുകൾ, ബ്ലോഗുകൾ ഇന്നുണ്ട്. അഭിനയ ശേഷി വളർത്തുന്നതിന്, സാമൂഹ്യവിവരങ്ങളിൽ പ്രതികരണ ശേഷി ഉണർത്തുന്നതിന് സമൂഹമാധ്യമങ്ങൾ ഉണ്ട്.

ഇന്റർനെറ്റും, ബ്ലോഗുകളും, വാട്സാപ്പും, ട്വിറ്ററും, ടിക്ടോക്കും, ഫേസ്ബുക്കും, ഡിജിറ്റൽ മാഗസിനുകളും എല്ലാം ചേർന്ന് എവിടെയും സൈബർവല നിറയുന്ന സൈബർയുഗം.

ലതിക മാത്യൂ
അധ്യാപിക

# Tenebrosity in my eyes!

"My eyes open for darkness
My eyes sees the day light as opium which kills
My eyes acts as a cover to mitigate my tears
My eyes are expounded with tranquil"

TIME
"To walk with my resilient shadow .......I have no time left
To travel with my revenant spirit......I have no time left
one fine day we all will have tad seconds in
Our hands.... a second to remember ,a second
to respect,a second to understand....a second to love!
Because intime we will know what it's like to loose."
HOPE!
"Hope .......Let's make it count
Life because there is a hope for tomorrow
Will there be a sunrise for tomorrow.....is a hope
Will the sad sky shower it's painful of tears....is a hope
Even you and I are the hopes of some people"!



JOSEENA AUGUSTINE
Teacher

ലേഖനം

## മധുമൊഴി

കാലം മാറുകയാണ്. ആർക്കും ആരോടും ഒന്നും സംസാരിക്കാനില്ല. അതോ അതും സംസാരിക്കാൻ ആഗ്രഹിക്കുന്നില്ല . ഒന്നിനും ആർക്കും സമയമില്ല. ഇന്ന് കുതിപ്പിന്റെ ലോകം, കലയുടെയും സമ്പത്തിന്റെയും കൂടിയും ലോകമായി മാറിയിരിക്കുകയാണ്. തിരക്കിനിടയിൽ അടുത്തിരിക്കുന്ന സഹയാത്രികനെ ഒന്ന പുഞ്ചിരിച്ച് കാട്ടൻപോലും അറപ്പും വെറുപ്പും ഇന്നത്തെയെന്നല്ല എന്നത്തെയും ലോകത്തിൽ മധുരസംഭാഷണത്തിനുള്ള സ്ഥാനം വളരം വലുതാണ്. മധുരമാം ഭാഷണം സംഭാഷണമെന്ന് ആരോ പറഞ്ഞിട്ടുണ്ട് എന്നിരുന്നാലും ഒരാളുടെ വ്യക്തിത്വം മനോഭാവം എന്നിവ തെളിയിച്ചുതരുന്നതാണ് അവന്റെ സംഭാഷണം. വിഷം പുരണ്ട അമ്പിനെക്കാൾ ശക്തമായ വാക്ശരങ്ങളേറ്റ് ആത്മഹത്യ ചെയ്യുവർ പോലും അനേകായിരങ്ങളാണ്.ഒരു നിമിഷത്തെ ജയത്തിന് വേണ്ടി നാം ഉപയോഗിക്കുന്ന ഒരു പദം എന്നന്നെയ്ക്കുമായുള്ള അവസാനമായി മാറാറുണ്ട്.


മൂർച്ചയേറിയ വാളിനേക്കാളോ കല്ലിനെക്കാളോ ഹൃദയത്തെക്കാളോ ശരീരത്തെയും ഒരുപോലെ ഉന്മൂലം ചെയ്യുകളയുന്നതാണ് വാക്കുകൾ. നല്ല വാക്ക് ജീവന്റെ വൃക്ഷമാണെന്നും വികടമായ വാക്ക് മനസ്സ് പിളർക്കുമെന്നും സുഭാഷിതങ്ങൾ പറയുന്നുണ്ട്. ചുട്ടുപൊള്ളിക്കുന്ന അഗ്നയിൽ നിന്ന് വർണ്ണച്ചിറകുകളാൽ പറന്നുയരുന്ന ഫീനക്സ് പക്ഷിയെപ്പോലെ കുതിക്കേണ്ട തലമുറയാണ് നമ്മടേത്. സഭ്യമായ സംഭാഷണവും, നൂതനമായ ആശയങ്ങളുടെ വൽക്കരണവും നാം സ്വായക്തമാക്കേണ്ടതാണ്.

വിഭവസമൃദ്ധമായ ഒരു സദ്യ കഴിക്കുമ്പോൾ ലഭിക്കുന്ന തൃപ്തിയാണ് മധുരസംഭാഷണത്തിലൂടെ ലഭ്യമാകുന്നത്. ചിലപ്പോൾ മഹായുദ്ധങ്ങൾക്കും, കലാപങ്ങൾക്കും വഴിയൊരുക്കുന്നത് വികടമായ സംഭാഷണം ആയിരിക്കും മറ്റു ചിലപ്പോൾ രാഷ്ട്രങ്ങൾ തമ്മിലുള്ള സൗഹൃദത്തിനും, യുദ്ധമധ്യത്തിലെ കാരുണ്യത്തിനും ഇടയാക്കുന്നത് മധുരസംഭാഷണമാകും. ഒരാളുടെ വ്യക്തിത്വ വികസനത്തിലും മധുരസംഭാഷണത്തിന്റെ പങ്ക് വളരെ വലുതാണ്.

വിശ്വാസത്തിന്റെ പ്രതീകമായി, കരുത്തിന്റെ പ്രതീകമായി എല്ലാ വാക്കുകൾ മാറുന്നു. കൈവിട്ട് പോകയാൽ പിന്നീട് ഒരിക്കലും തിരിച്ചെടുക്കാൻ സാധ്യമല്ല വാക്കുകൾ. നിയന്ത്രിക്കാനാവാത്ത വാഹനത്തെപോലെ, അഗ്നിയെപോലെ, അവ ഒരു ജീവിതത്തെ തന്നെ ചുട്ടുവെണ്ണീറാക്കുന്നു. ഇന്ന് നാം ജീവിക്കുന്ന കേരളം പണ്ട് അഭിമാനം അർഹിക്കുന്ന ഭാഷാസംസ്കാരത്തിന് ഉടമകളായിരുന്നു. കുഞ്ചൻ നമ്പ്യാരുടെയും, വള്ളത്തോളിന്റെയും ഭാഷാപാരമ്പര്യം നുകർന്നവരാണ് നാം.

അധ:പതനത്തിൽനിന്നും കുതിച്ചുകയറുകയാണ് നാം. മധുരസംഭാഷണം ജീവിതത്തിൽ പകർത്താം. വജ്രത്തിന്റെ സ്വർണ്ണനൂൽകൊണ്ടു രചിച്ച ഭാഷാപാരമ്പര്യം വീണ്ടെടുക്കാം. അഭിവൃദ്ധിപ്പെടുത്താം ഭാഷാപ്രാമുഖ്യം നേടിയ നാടിനെ ഒരു ജനതയെ. ജീവന്റെ വൃക്ഷമാകട്ടെ ഭാഷാ, ചുണ്ടിലെ പുഞ്ചിരി നന്മയുടെ പ്രതീകമാകട്ടെ. മധുരസംഭാഷണം

വ്യക്തി നാടിനെ വീടിനെ പുതുമയുള്ളതാക്കി മാറ്റട്ടെ.





എഷ്മി മോൾ പി.എസ്സ്

ഒമ്പത് .ബി

## God- The Divine Power

God,the creator of the world
Who lives everywhere in the universe
Strong enough to change anything and everything

Lives in me too.
Gives me the strength.
Guides me through his path.
Tells me to see him
In each and every person I meet.

Oh! God my lodestar.......
I do things that I have never done.
I go through paths that I haven't even seen before.
Because of you and the strength you give me .
Shower on me your blessings all the time
To make my living on this beautiful earth.



LINTA BABY ,TEACHER

കവിത

## മതിലുകൾ



ചുടുകട്ടകളാൽ മേഞ്ഞൊരു അതിരുകൾ
മാത്രമല്ലെൻ മതിലുകൾ
എൻ ഇലവട്ടങ്ങൾ പങ്കുവെച്ചും കളി-
തമാശകൾക്ക് കൂടെനിന്നും ഒരു കൂട്ടുകാരി-
യായിരുന്നുമെന്നവൾ
ഇന്നെൻ കൂട്ടുകാരി എന്നെ വിട്ട്,
ഈ ലോകത്തെവിട്ട് പൊടിഞ്ഞ്
എത്രനാളയെന്നോ
അന്നെന്തൊ ഭാഗ്യത്താൽ നിൻ സേ്നഹ-
മെന്നെ ഒരു കോണിലേക്ക് വലിച്ചിട്ടു
ഇന്നു ഞാൻ നിൻ ഓർമ്മക്കായിയൊരുന്നു
'ചെടി'യെന്ന പേരിൽ വളരുന്നു .

അക്ഷര റ്റി ആർ
9.ബി


## നീലാകാശം

കണ്ണിന് കുളിർമ്മയേകം അഴകിനുമഴക്
നീലാകാശം പട്ട് മെത്തകൾക്ക് തുല്യം
കാർമേഘങ്ങളാൽ തങ്ങിനിൽക്കും
നീലാകാശം എത്ര നാളായി ഞാൻ
കൊതിപ്പൂ നീയായിമാറാൻ
എൻ സ്നേഹമാണ് നീ എൻ നീലാകാശം....
സൂര്യാസ്തമയ വേളയിൽ പൂക്കൾ വിരിഞ്ഞു നിൽക്കുന്ന നീലാകാശം എൻ സ്നേഹത്തിൽ പൂക്കൾ വിരിയിക്കുന്ന നീലാകാശമേ നീയാണെല്ലാം



അലീന മാത്യു
**ഒമ്പത്, ബി**

കവിത



കടൽക്കാറ്റ്



കടൽകാറ്റിൽ മങ്ങിനിൽക്കുന്ന
നിലാവിന്റെ നീലമഞ്ഞിൽ
വിരിഞ്ഞു നിൽക്കുന്ന കാർമേഘം
നീലിമയിൽ വിരിഞ്ഞു നിൽക്കുന്നു
മന്ദാരത്തെക്കാൽ ഭംഗിയാണ്
ജീവിത്തിന്റെ വിളക്ക്

കാറ്റിന്റെ വിളക്ക് മങ്ങിനിൽക്കുന്ന
നിലാവിന്റെ നിറമുള്ള കാറ്റ്
***ജീവിതത്തിന്റെ പുലരിയിൽ***
***പച്ചപ്പിന്റെ നിറംചാർത്തിയ കടൽ.***


ഡിജിറ്റൽ പെയിന്റിംഗ്






സാരംഗി കെ .എസ്സ് ഒമ്പത് ബി











## കേരളം



എത്ര  സുന്ദരം വശ്യമോഹനം എന്റെ കേരളം
പച്ചപ്പട്ടു വിരിച്ച്  കിടക്കുമെൻ കേരളം
കാടും,മലയും,പുഴയും ചേരുമെൻ കേരളം
കേരളമെന്ന നാട്  എന്റെ സുന്ദരനാട്
മധുരമലയാളം അതിമനോഹരം
എത്ര സുന്ദരം    എൻ കേരളം.....

**ആരതി വിനോദ് 9 . ബി**

## പുലരിയുടെ  പഴമൊഴി



സൂര്യാസ്തമയവേളയിൽ    കൺചിമ്മി തുറക്കുന്ന
പ്രകാശമേ നിൻ  താളത്താൽ  ഇളകിയാടുന്ന
കുറ്റിച്ചെടികൾ  മെല്ലെ  മെല്ലെ
ഉണർന്നുല്ലസിച്ചാടുന്നു
കിളികളാൽ  താളം  പിടിച്ച്  ഓരോരോ-
ചില്ലകളിൽ  നൃത്തമാടുന്നു
കാറ്റിൽ  ഉല്ലസിച്ചാടുന്ന
ഇലകളെ  നോക്കിക്കാണുന്ന
പൂവിതളുകൾ എന്തെ  നീ
ഇത്ര   താമസിച്ചീടുന്നു
ഓരോരോ  പൂ  തളിരുകളെ  നോക്കി
അതിന്റെ  തേൻ  നുകരാൻ
എത്തിയാടുന്ന   തേനീച്ചക്കൂട്ടങ്ങളെ
നീ   എവിടെയാണ്  ..?

ആരതി അഞ്ജി ഒമ്പത് ബി.

## എന്റെ മലയാളം



മലയാളമാണെന്റെ   മാതൃഭാഷ
മലയാളിക്കെന്നും   മധുരഭാഷ
മലയാളികൾതൻ   ഹൃദയഭാഷ
അമ്മയെന്നാദ്യം   ചൊന്നഭാഷ
അമ്മിഞ്ഞപ്പാലിൽ   നുകർന്നഭാഷ
അമ്മതൻചുണ്ടിൽ   വിരിഞ്ഞഭാഷ
മധുരംനുണക്കുന്ന  മാമ്പൂ മണക്കുന്ന
മലയാളമാണെന്റെ   വശ്യഭാഷ

അഞ്ജന സുനിൽ  ഒമ്പത്, ബി

കവിത

## മഴ പെയ്തൊരു രാവിൽ

ഒരു രാവിൽ മഴ പെയ്തു
മഴയെ മനുഷ്യർ വെറുത്തു
മഴയെ പലവിധത്തിൽ കൊന്നു
മരങ്ങളുടെ ജീവനെടുത്തും
കാടും മലയും നിരത്തിയും
ഫ്ളാറ്റുകളെ കെട്ടിപ്പൊക്കിയും
പുഴയും അരുവിയുംനികത്തിയും
മഴയെ മനുഷ്യർ കൊന്നു
ഒരു പുലരിയിൽ വെയിൽ വന്നു
നിലമാകെ വറ്റിവരണ്ടു
പുഴയാകെ വറ്റിവരണ്ടു
മനുഷ്യർ ആകെ നീറിപൊകഞ്ഞു
വെള്ളത്തിനായി ഓടിനടന്നു
വെള്ളത്തിനായി മനുഷ്യർ  ഒത്തൊരുമിച്ചു
അവിടെ ജാതിയുടെയും മതത്തിൻറ പേരിൽ
വേർതിരിവില്ലാതായി  പണക്കാരനെന്നില്ലാതായി
മനുഷ്യർ ഒറ്റക്കെട്ടായി മാറി



ജോർജ്ജിയ ജോർജ്ജ്   ഒമ്പത്, ബി

## അമ്മ

അമ്മയെന്നരണ്ടക്ഷര-
മെത്രസുന്ദരം
എൻജീവിതംവർത്തെടുത്ത
അമ്മയുടെസ്നേഹംമനോഹരം
അമ്മതൻമടിയിൽചഞ്ഞുറങ്ങ-
നെനിക്കിഷ്ടം
അമ്മതൻനെഞ്ചിൽചഞ്ഞുറ-
ങ്ങാനെനിക്കിഷ്ടം
അമ്മയാണ് വിട്ടിലെശ്രീയും
അമ്മയാണ് ഞങ്ങളുടെഇടയിലെ
പാലവും സ്നേഹവും
ഈ കാലമായതിരുന്നെങ്കിൽ.......



പാർവ്വതിമോൾ എസ്
9.ബി

## ഒരുമയുടെ രാവുകൾ

പ്രകൃതിയെ ശ്രുതിമധുരമായി തഴുകിയുണർത്തികൊണ്ട് സൂര്യൻ അന്നും ഉദിച്ചിരുന്നു. പക്ഷെ, അന്നത്തെ ഉദയസൂര്യന് ചിരി അൽപം കുറവായിരുന്നു. കാരണമെന്തെന്നുവച്ചാൽ മനുഷ്യന് പ്രകൃതിയോടുള്ള അതിശക്തമായ പ്രവർത്തനങ്ങൾ രാവിലെ തന്നെ തുടങ്ങിയിരുന്നു. മർക്കോസുചേട്ടൻ പതിവുപോലെ ചായയും പത്രവുമായി ഉമ്മറത്തിണ്ണയിൽ വന്നിരുന്നു. കൂടെ ഒരു കൊച്ചുവർത്താനത്തിനായി മർക്കോസിന്റെ അമ്മയും. ആ നാട്ടിലുള്ളവർക്ക് മർക്കോസിനെ തീരെ

ഇഷ്ടമില്ലായിരുന്നു. കാരണമെന്തെന്നാൽ മർക്കോസിന്റെ ആഗ്രഹം പ്രകൃതിയെ സംരക്ഷിക്കണമെന്നായിരുന്നു. ''രാവിലെ തുടങ്ങിയ മഴയാണല്ലോ എന്താണാവോ ഇതിനൊരു അന്ത്യം ഉണ്ടാവുക.'' അമ്മ പറഞ്ഞു. നമ്മുടെ അന്ത്യം കൊണ്ടേ ഈ മഴ പേവുകയുള്ളൂ. കാരണം അതുപോലുള്ള പ്രവർത്തിയല്ലേ മനുഷ്യർ ചെയ്യുന്നത്. എന്ന് മർക്കോസും പറഞ്ഞു. ആഴ്ച്ചകൾ കഴിഞ്ഞു എന്നിട്ടും മഴ കൂടുകയല്ലാതെ കുറയുന്ന ഒരു ലക്ഷണവും ഇല്ലയിരുന്നു. നാട്ടുകാരുടെയെല്ലാം വീടുകളും കൂടുകളും മഴയത്ത് ഒലിച്ചുപോയി നല്ലവരായ മർക്കോസും കുടുംമ്പവും പരിഭ്രാന്തരായി നിൽക്കുമ്പോൾ, തന്റെ വീട്ടിലേക്ക് ചങ്ങായിമൊരെല്ലാം വന്നു. മാർക്കോസ് അവരെയെല്ലാം സന്തോഷത്തോടെ തന്റെ വീട്ടിലേക്ക് ക്ഷണിച്ചു. ഒരു മാസത്തതോളം അവരങ്ങനെ ഒത്തൊരുമയോടെ കഴിഞ്ഞു. കുറെ നാളുകൾക്ക് ശേഷം മഴയെല്ലാം മാറി അവരെല്ലാം സ്വന്തം വീട് അന്വേഷിക്കാനുമൊക്കെ പുറപ്പെടുന്നതിനു മുൻപ് അതിലൊരാൾ പറഞ്ഞു. "വല്യാ കാശും സമ്പാദ്യവും ഒന്നും ഉണ്ടായിട്ടു കാര്യമില്ല. എനിക്ക് ഒരു കാര്യം മനസ്സിലാക്കി ഇനിയുള്ള കാലമെങ്കിലും എല്ലാവർക്കും സ്നേഹം കൊടുത്തും സന്തോഷിപ്പിച്ചും സുഖമായി കഴിയണമെന്ന്." മാർക്കോസ് ഒന്നും മിണ്ടിയില്ല പുഞ്ചിരിക്കുക മാത്രം ചെയ്തു. എന്നിട്ട് അഭിമാനത്തോടെ നെഞ്ചുവിരിച്ച് വീടിനുള്ളിലേക്ക് കയറിപ്പോയി. പിറ്റേ ദിവസം സൂര്യൻ ചെറുപുഞ്ചിരിയോടെ ഉദിച്ചുയർന്നു....



ആതിര രാജു
ഒമ്പത്, എ

## കറുപ്പ്

നിറങ്ങൾ സുന്ദരമായ നിറങ്ങൾ
കൊതിപ്പിക്കും മനോഹാരിത
എങ്കിലും ആ നിറം മാത്രം ഏതോ
മൗനവിചാരത്തിൽ മുഴുകിയിരിക്കുന്നു
എങ്കിലും ഏഴ് അഴകുള്ള സൗന്ദര്യമീ നിറം
ഭുവിൽ ദൃശ്യമാം ചാരുതയീ നിറം
വാൽ കണ്ണാടിയാം അഴകിനും അഴകാം
ചന്ദ്രികയിൽ കുളികഴിഞ്ഞ് എത്തും
സുന്ദരിയാം കറുപ്പ് നിറം നീ.....



റീത്ത രാജൻ
ഒമ്പത് ബി

ചെറുകഥ

## പ്രളയം

ലോകമാനം കീഴടക്കിയ രാജാവിനെപ്പോലെ നമ്മളെയെല്ലാം ഞെട്ടിവിറപ്പിച്ച ഒരു ദുരന്തമായിരുന്നല്ലോ പ്രളയം. അമേരിക്കയിൽ താമസിക്കുന്ന ഒരു കുടുംബം സന്തോഷത്തോടെ താമസിച്ചുപോരുമ്പോഴാണ് നാട്ടിലെ അമ്മയുടെ കാര്യം അവർ ഓർക്കുന്നത്.
ഡൽഹിയിലെ കുടുബത്തിൽ അമ്മയുടെ മകനും മകന്റെ ഭാര്യയും 2 കുട്ടികളുമാണ് താമസം. മകൻ ദുരന്ത പ്രശ്നങ്ങൾ പത്രറിപ്പോർട്ടുകളിലൂടെ നെഞ്ചിടിപ്പോടെ കാണുകയായിരുന്നു. അതിനിടയിൽ വന്ന ഭാര്യയോട് അയാൾ പറഞ്ഞു:'അമ്മ നാട്ടിലല്ലേ' അമ്മയേയും ഇങ്ങോട്ട് കൊണ്ടുവരാം. അവിടെ പ്രളയം നടക്കുകയാണ്. അമ്മ എപ്പോഴും എന്നോട് പറയും ഞാനും വരാം അങ്ങോട്ടെന്ന്. അവിടെ നമ്മടെ വളർത്തുനായയും അമ്മയും മാത്രമേ ഉള്ളൂ. ഭാര്യ അതിനോട് എതിരാണ്. 'അവരവിടെ കിടക്കട്ടെ. നമുക്ക് ഭാഗ്യമുണ്ടെങ്കിൽ അടുത്ത പ്രളയത്തിന് പോയിക്കിട്ടും ."
അങ്ങനെ ആശ്വസിച്ച് അവർ സുഖമായി താമസിച്ചു. നാട്ടിൽ ആകെയുള്ളത് അവരുടെ വളർത്തുനായയും അമ്മയും മാത്രം. അടുത്ത പ്രളയം ഉണ്ടായത് നാട്ടിലായിരുന്നില്ല. അങ്ങ് അമേരിക്കയിലായിരുന്നു. ഈ വിവരം അറിഞ്ഞ അമ്മ ബോധക്കെട്ടു നിലത്തു വീണു. എന്നാൽ വളർത്തുനായ പ്രിയപ്പെട്ടവരുടെ ശവശരീരം കാത്ത് കിടന്നു.

**ഷഹാന പി.എൻ**
**ഒമ്പത്. എ**



ലഘു ഉപന്യാസം

## മലിനീകരണം

ഇന്ന് പ്രകൃതി മലിനീകരണപ്പെട്ടുകൊണ്ട് ഇരിക്കുകയാണ്. എവിടെ നോക്കിയാലും മാലിന്യക്കൂമ്പാരങ്ങൾ മാത്രം. ഈ പ്രകൃതിടെ നമ്മൾ വെറും ചവിട്ടുകൊട്ടയാണ് കാണുന്നത്. നമ്മൾ അറിയുന്നില്ല ഇതിനൊക്കെയുള്ള തിരിച്ചടിയാണ്. നിങ്ങൾ അല്ല നമ്മൾക്ക്. പ്രളയത്തിലൂടെ പ്രകൃതി തിരിച്ചുതന്നത്. മനസ്സിലാക്കാൻ നമ്മുക്ക്കഴിഞ്ഞില്ല. നമ്മൾ എത്ര ചൂഷണം ചെയ്തിട്ടും എന്തുകൊണ്ടും പ്രകൃതി സഹിച്ചു. നമ്മൾക്ക് എങ്ങനെ ഇതിനൊക്കെ സാധിച്ചു. മലിനമാണ് ഇന്ന് ഭൂമി. അതിന് ഒരു പാട്ട് വരെ രൂപംകൊണ്ടു. "ഇനി വരുന്നൊരു തലമുറയ്ക്ക് " എന്ന ഗാനം ശരിക്കും അർഥവത്താണ്. പിന്നെ നമ്മൾക്ക് അറിയാം. ഈ പ്രകൃതിയുടെ സങ്കടം നമ്മൾ കാണുന്നില്ല. ഓസോൺ പാളിയുടെ ശോഷണത്തിന് കാരണമായ cfc എന്ന ക്ലോറോ ഫ്ളൂറോ കാർബൺനമ്മൾക്രൂടുകലായി ഉപയോഗിക്കുന്നുണ്ട്. പ്ലാസ്റ്റിക്കിന്റെ അമിത ഉപയോഗം. കുന്നിടിക്കൽ, മണൽ വാരൽ ഇവയെല്ലാം പ്രകൃതിയെ മലിനവും ദോഷകരവുമാക്കുന്നു. നമ്മൾ മാത്രമാണ് ഇതിന് കാരണക്കാർ. പ്രകൃതിയെ ഇഞ്ചിഞ്ചായി കൊല്ലുന്നു നമ്മൾ. എന്നിട്ടും നമ്മുക്ക് ഒരു മാറ്റവുമില്ല. നമ്മൾ മനുഷ്യർ, വേദന ഇല്ല കാരണം പ്രകൃതിയുടെ സങ്കടം നമ്മൾ കാണുന്നില്ല. വർഷങ്ങൾക്കും നൂറ്റാണ്ടുകൾക്കും മുൻപ് എത്ര മനോരമായിരുന്നു നമ്മുടെ നാട്. നമ്മുടെ അതിന്റെ ഒരു ചെറിയ ഭാഗമാണ് ഇപ്പോൾ കടന്നുപോയ പ്രളയം...........

.



ആരതി കെ. എസ്

IX A

## അമ്മയാണ് നമ്മുടെ ജീവൻ

ഓർമ്മയുടെ
വാതിൽ തള്ളിതുറന്നൊരു
ജാലകവാതിലാണു അമ്മ
മനസ്സിന്റെ ഓർമ്മകളിൽ
തള്ളിതുറന്നോരു മണിനാദം
അമ്മ
അമ്മയെന്നുള്ള വാക്ക് ജീവന്റെ
പാതിയായി മാറണം
അമ്മതൻ മാധുര്യത്താൽ
നുകരുകയാണ് മനസ്സ്
അമ്മതൻ വാത്സല്യത്താൽ
കുളിരുകയാണ് എൻ മനസ്സ്
അമ്മയാണ് എന്റെയെല്ലാം ....



**ശ്രീലക്ഷ്മി .എസ്സ്.എം**
**ഒമ്പത്, ബി**

## നിശാഗന്ധി

നിശതൻ സൗന്ദര്യമാകുന്ന പൂവേ
നിനക്കീ വെൺമയോലും സുഗന്ധം ആരു തന്നു
രാത്രിയെ പ്രണയിച്ച നിശാഗന്ധി
നീയൊരു ദേവസ്ത്രീയാകാത്തതെന്തുകൊണ്ട്
നിൻ വെൺമ കണ്ട് ഞാൻ സംശയിക്കുന്നു
നിൻ അമ്മയാണോ നിലാവോയെന്ന്
നിൻ ചൈത്രമാം മുഖബിംബം മൂലം
രാത്രി എത്ര മനോഹരി



സുവിത സുരേഷ്
ഒമ്പത്, ബി

# MATHEMATICS—QUEEN OF ALL SCIENCES

Mathematics is universally regarded as the queen of all sciences. It contains a number of facts (concepts) which are related together in a systematic manner. Ranging from the most abstract concepts to the most practical application that run our technology today, mathematics play a vital role. We tend to use mathematics every day without even thinking about it. Unfortunately, this subject not very popular with most of the students. But this is not the fault of the subject, fault lies in the way mathematics is taught. Concepts of mathematics are seen to difficult to understand and appreciate. Learning mathematics by classroom method sends a message that it is a set of rules and operations to be learnt by heart and has no use in practical life. That is why majority of the students have got a phobia about mathematics. Learning by doing leads to profound knowledge. Facts and formulae are best understood if children can see them in a toy or in an object they can play with. Mathematical concepts were evolved by the mankind for personal survival, social existence, recreations and religions contemplation. Different activities have led to different branches of mathematics.

(i) Counting and sorting led to arithmetic.
(ii) Measuring distances led to geometry.
**(iii) Buying, selling, borrowing led to commercial mathematics**
(iv) moving and hitting led to dynamics
(v) Guessing and prediction led to probability



LINI JOSE
TEACHER

# നന്ദി പൂർവ്വം ...........

മുഖച്ഛായ മാറുന്ന ലോകം

വിരൽത്തുമ്പിലേയ്ക്ക് ഒതുങ്ങുമ്പോൾ
ബാലഭാവനകൾ ചിറക് വിരിച്ച്
ഡിജിറ്റൽ മാഗസിലേയ്ക്ക്...........!
അവിടെ നിന്നും അകലങ്ങളിലേയ്ക്ക്............!
ZOOM IN..ന്റെ പൂർണ്ണതയ്ക്ക്
ചിത്രങ്ങൾ,കമ്പ്യൂട്ടിംഗ് , ഡോക്യുമെന്റേഷൻ,
എഡിറ്റിംഗ് ഇതിനെല്ലാം
അവസരമൊതുക്കിയ
ലിറ്റിൽകൈറ്റ്സിന്

**ഒരായിരം നന്ദി ..........**

കൈറ്റ് മിസ്ട്രസ്സസ് ,
ലൂസി എം.ജെ ,
ലിനി ജോസ്